പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2702 14-02-2013-ൽ മറുപടിക്ക്

ചേർത്തലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ. | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചേർത്തല നിവാസികൾ നേരിടുന്ന ദുരിതങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് കാലയളവിൽ ചേർത്തലയിലേയും പരിസര പഞ്ചായത്തുകളിലേയും നിവാസികൾക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. ഈ ബുദ്ധിമുട്ടുകൾ ഇപ്പോൾ വളരെയധികം കുറഞ്ഞിട്ടുണ്ട്. |
| (ബി) പൈപ്പുകൾ പൊട്ടി റോഡുകൾക്ക് കേടുപാടുണ്ടാക്കുന്നതും പല പ്രദേശങ്ങളിലും കുടിവെള്ളം മുടങ്ങിയിരിക്കുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) പൈപ്പ് പൊട്ടൽ മൂലം റോഡുകൾക്ക് കേടുപാട് ഉണ്ടാകാറുണ്ടെങ്കിലും കഴിയുന്നത്ര വേഗത്തിൽ ലീക്കുകൾ അടച്ച് റോഡ് പുന:സ്ഥാപിച്ചു വരുന്നു. പൊട്ടിയ പൈപ്പിലെ കേടുപാടുകൾ തീർക്കുന്ന കാലയളവിൽ മാത്രമേ ആ പ്രദേശത്ത് കുടിവെള്ളം മുടങ്ങിയിട്ടുള്ളൂ. |
| (സി) പണമടച്ച്, കുടിവെള്ള പദ്ധതിപ്രകാരം കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കൾക്ക്, പൊട്ടിപ്പൊളിഞ്ഞ പൈപ്പുകളിലൂടെ കടന്നുവരുന്ന മലിനജലമാണ് കിട്ടിക്കൊണ്ടിരിക്കുന്നതെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (സി) പൈപ്പിലെ ചോർച്ച മാറ്റിയ ശേഷം വിതരണം പുന:സ്ഥാപിക്കുമ്പോൾ തുടക്കത്തിൽ തെളിച്ചം കുറഞ്ഞ ജലം ടാപ്പുകളിലേക്ക് എത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേർത്തലയിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റിൽ ഉത്പാദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതും ശുദ്ധജലമാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രശ്നങ്ങൾ എത്ര ആഴ്ചകൾക്കുള്ളിൽ അന്തിമമായി പരിഹരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ഡി) | പൈപ്പിന്റെ ചോർച്ച തീർക്കൽ, റോഡ് പുന:സ്ഥാപിക്കൽ തുടങ്ങിയവ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന്, പൈപ്പ്ലൈൻ കോൺട്രാക്ടർ ആയ ഐ.വി.ആർ. സി.എൽ. കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം ചോർച്ചകൾ മറ്റു മാർഗ്ഗേന ചെയ്തു തീർക്കാനും അതിന്റെ ചെലവ് കോൺട്രാക്ടറുടെ മേൽ ചുമത്താനും തീരുമാനിച്ചിട്ടുണ്ട്. 01.6.2012 മുതൽ 2 വർഷം വരെയുണ്ടാകുന്ന കേടുപാടുകൾ തീർക്കാൻ ഐ.വി.ആർ. സി. എൽ. ബാദ്ധ്യസ്ഥരാണ്. ലീക്കുകൾ റിപ്പോർട്ടു ചെയ്താൽ സാധാരണ ഗതിയിൽ 48 മണിക്കൂറിനുള്ളിൽ അവ പരിഹരിക്കേണ്ടതാണ്. |
| (ഇ) | ജപ്പാൻ കുടിവെള്ള പദ്ധതി ചേർത്തലയിൽ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ? | (ഇ) | ജപ്പാൻ കുടിവെള്ള പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ